I ഇ.ബി.XIII –കേരള നിയമസഭ/X—4

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 8, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തര പ്രമേയം**

**വിലക്കയറ്റം**

മി. സ്പീക്കര്: ഡീസലിന്റേയും പെട്രോളിന്റേയും മണ്ണെണ്ണയുടേയും പാചക വാതകത്തിന്റേയും വിലകൂട്ടാൻ എണ്ണ കമ്പനികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയതോടെ ഇവ ഓരോന്നിന്റേയും അടിക്കടിയുള്ള വില വർദ്ധനവിനോടൊപ്പം പലവ്യഞ്ജനങ്ങള്, പച്ചക്കറികള്, ജീവൻ രക്ഷാ മരുന്നുകൾ തുടങ്ങി എല്ലാ നിത്യോപയോഗ വസ്തുക്കളുടെയും വില കുതിച്ചുയരുകയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വ്യാപകമാകുകയും ചെയ്തതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സി. ദിവാകരന്, ഇ.പി. ജയരാജന്,

ജോസ് തെറ്റയില്, കോവൂർ കുഞ്ഞുമോന്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ അനൂപ് ജേക്കബ്): ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ കാലാവസ്ഥ വ്യതിയാനം, പെട്രോളിയം ഉൽപന്നങ്ങളുടെ വില വർദ്ധനവ്, മറ്റു സംസ്ഥാനങ്ങളിലെ രാഷ്ട്രീയ കാലാവസ്ഥ എന്നിവ നമ്മുടെ മാർക്കറ്റിൽ വിപരീതഫലം ഉണ്ടാക്കുന്ന സാഹചര്യമുണ്ട്. കേരളത്തിനാവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 15 ശതമാനത്തിനും താഴെയാണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. വിലവർദ്ധനവ് പിടിച്ചുനിർത്താനും നിയന്ത്രണ വിധേയമാക്കാനും പൊതുവിതരണവകുപ്പും സർക്കാരിന്റെ വിവിധ ഏജൻസികളും കൃത്യതയോടെയുള്ള ഇടപെടൽ വിപണിയിൽ നടത്തുന്നുണ്ട്. ശക്തമായ പൊതുവിതരണ സമ്പ്രദായം ഉള്ളതുകൊണ്ടാണ് കൺസ്യൂമർ സ്റ്റേറ്റായ കേരളത്തിൽ വിലവർദ്ധനവ് പിടിച്ചുനിർത്താൻ കഴിയുന്നത്. കഴിഞ്ഞവർഷം ആഗസ്റ്റ് മാസം മുതൽ ഇന്നേവരെ അരിയുടെ വില വർദ്ധിച്ചിട്ടില്ല. ജയ അരിയുടെ വിലയിൽ മാത്രം 2 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. മറ്റുള്ളതിന്റെ

വില വർദ്ധിച്ചിട്ടില്ല. 2013 ജനുവരി മാസത്തിലെ വിലയിൽ നിന്നും മട്ട അരിയുടെ വില 10 ശതമാനത്തിലധികം കുറഞ്ഞു. അരിയുടേയും പച്ചക്കറിയുടേയും വില നിയന്ത്രണ വിധേയമാണ്. പച്ചക്കറികൾ 30 ശതമാനം വിലക്കുറവിൽ ഹോർട്ടികോർപ്പ് വിപണിയിൽ എത്തിക്കുന്നുണ്ട്. ഉൽസവ കാലങ്ങളിൽ ജനങ്ങളെ ചൂഷണത്തിൽ നിന്നും തടയുന്നതിനായി കഴിഞ്ഞ 2 വർഷക്കാലയളവിൽ വളരെ കൃത്യമായ ഇടപെടൽ സർക്കാരിന്റെ വിവിധ ഏജൻസികൾ വഴി നടത്തിയിട്ടുണ്ട്. 2012-13 വർഷങ്ങളിൽ ഓണം സപ്ലൈകോ ഫെയറുകൾ ഒന്നര മാസത്തോളം നിലനിർത്തിക്കൊണ്ട് ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ വാങ്ങാനുള്ള സാഹചര്യമൊരുക്കി. പത്തുപതിനഞ്ച് ദിവസം മാത്രം നടത്തിയിരുന്ന ഓണം-ക്രിസ്തുമസ് ഫെയറുകൾ ജില്ലാ-താലൂക്ക് തലങ്ങളിൽ ഒന്നര മാസം നടത്തിയത് വൻവിജയമായിരുന്നു. ഓണത്തിന് ആദിവാസി മേഖലയിലെ സ്കൂൾ കുട്ടികൾക്ക് കൂടുതൽ അരി വിതരണം ചെയ്തു. സ്പെഷ്യൽ പഞ്ചസാര ഓണത്തിന് നൽകാൻ കഴിഞ്ഞു. ഇതെല്ലാം വളരെ കൃത്യമായ നിലയിൽ സംസ്ഥാനത്ത് നടപ്പിലാക്കി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക സ്ക്വാഡുകള്, പോലീസ്

സംവിധാനം എന്നിവ ഉപയോഗിച്ച് കർശന പരിശോധന നടത്തി കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കരിഞ്ചന്തയിലേക്ക് ഭക്ഷ്യസാധനങ്ങൾ പോകുന്നത് തടയാൻ കഴിയുന്നുണ്ട്. അതിന്റെ ഗുണകരമായ വശം വിപണിയിൽ വരുന്നുണ്ട്. അരിയടക്കമുള്ള ഭക്ഷ്യധാന്യങ്ങളുടെ വില വർദ്ധിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഇത്തരം ചർച്ചകൾ സമൂഹത്തിന് തെറ്റായ സന്ദേശം നൽകും. പച്ചക്കറിയുടെ വില കുറഞ്ഞു നിൽക്കുന്ന കാലഘട്ടമാണിത്.

<u>ശ്രീ. സി. ദിവാകരന്:</u> സംസ്ഥാനത്തെ ജനങ്ങളെ സാരമായി ബാധിക്കുന്ന പ്രശ്നത്തെ ലാഘവത്തോടെ കാണുന്നത് ശരിയല്ല. വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിലെ നിയമസഭാ തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിനുണ്ടായ പരാജയത്തിന് പ്രധാന കാരണം നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റമാണ്. 27-8-13-ലെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ ഒരു ഉത്തരവ് പ്രകാരം കമ്പോള ഇടപെടലിനെ നിയന്ത്രിച്ചിരിക്കുന്നു. ഈ ഉത്തരവു വഴി കമ്പോളത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ തടയുകയാണ്. പതിമൂന്നിന നിത്യോപയോഗ സാധനങ്ങൾ കിറ്റുകളായി പകുതി വിലയ്ക്ക് വിതരണം

ചെയ്യാമെന്നും വിലക്കയറ്റം തടയാൻ എല്.ഡി.എഫ്. സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതി പരിശോധിച്ച് നടപ്പിലാക്കും എന്ന മുൻ ഭക്ഷ്യവകുപ്പ മന്ത്രിയുടെ വാഗ്ദാനങ്ങൾ പാലിച്ചിട്ടില്ല. കഴിഞ്ഞ എല്.ഡി.എഫ്. സർക്കാർ ഓരോ മാസവും ഒന്നാം തീയതി മുളക് മുതൽ അരി വരെയുള്ള നിത്യോപയോഗ സാധനങ്ങളുടെ വിലവിവരപ്പട്ടിക പത്രത്തിൽ പരസ്യം ചെയ്തിരുന്നു. അരിക്ക് വില വർദ്ധിച്ചപ്പോൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അരിവാങ്ങി കുറഞ്ഞവിലയ്ക്ക് അരിക്കടകൾ വഴി വിതരണം ചെയ്യുകയും അതിലേക്കായി അന്നത്തെ സർക്കാർ പ്രത്യേക സബ്സിഡി അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ അരിക്ക് സബ്സിഡിയില്ല. അരിയുൾപ്പെടെയുള്ള നിത്യോപയോഗ സാധനങ്ങള്, ഹോട്ടൽ ഭക്ഷണം, പെട്രോള്, ഡീസല്, ഗ്യാസ് എന്നിവയുടെ വില യാതൊരു നിയന്ത്രണവുമില്ലാതെ വർദ്ധിച്ചിരിക്കുകയാണ്. വിലവർദ്ധനവിനെതിരെ പൊതുജനങ്ങൾ പ്രതികരിക്കണമെന്നാണ് ഹൈക്കോടതി അഭിപ്രായപ്പെട്ടിരിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കാനോ അഴിമതിക്കെതിരെ നടപടി സ്വീകരിക്കാനോ തയ്യാറാകുന്നില്ല. കേന്ദ്രഗവൺമെന്റ് അനുവദിച്ച അരിയും ഗോതമ്പും കേരളത്തിൽ വിതരണം ചെയ്യാതിരിക്കുകയും റേഷൻ കടകൾ വഴി ലഭിക്കുന്ന

അരിയുടേയും ഗോതമ്പിന്റേയും വില വർദ്ധിപ്പിക്കുകയും എ.പി.എല്. വിഭാഗത്തിനു ലഭിച്ചുകൊണ്ടിരുന്ന ഗോതമ്പിന്റെ അളവ് വെട്ടിക്കുറയ്ക്കുകയും ചെയ്തു. യൂണിവേഴ്സൽ റേഷനിംഗാണ് കേരളം ആവശ്യപ്പെടുന്നത്. പുതിയ ഭക്ഷ്യ സുരക്ഷാ ബില്ലിൽ എ.പി.എല്/ബി.പി.എല്. എന്നതിന് പകരം നഗരങ്ങളേയും ഗ്രാമങ്ങളേയുമാണ് മാനദണ്ഡമായി പരിഗണിക്കുന്നത്. ഈ ബിൽ വരുന്നതോടുകൂടി കേരളത്തിലെ ഒരു കുടുംബത്തിന് ലഭിക്കുന്ന അരിയുടെ വിഹിതം കുറയുകയും നിലവിലുള്ള ബി.പി.എല്-കാർക്കുമാത്രം കേന്ദ്രാനുകൂല്യം ലഭിക്കുന്ന സ്ഥിതി വരികയും നഗരങ്ങളിൽ 75 ശതമാനവും ഗ്രാമങ്ങളിൽ 50 ശതമാനവും ആളുകൾക്ക് റേഷൻ നിഷേധിക്കുന്നതിന് ഇടയാകുകയും പൊതുവിതരണ സമ്പ്രദായം തകരുകയും ചെയ്യും. എല്ലാവർക്കും ഭക്ഷണമെന്ന ആശയം ഈ ബില്ലിലൂടെ കൈവരിക്കാൻ സാധിക്കില്ല. പച്ചക്കറി, മാംസം എന്നിവയുടെ വില വർദ്ധിച്ചു. കുളമ്പുരോഗം നിയന്ത്രിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല. സപ്ലൈകോയിൽനിന്നും സാധനങ്ങൾ കിട്ടുന്നില്ല. വിലക്കയറ്റം ഉണ്ടാകുമ്പോൾ ഗവൺമെന്റ് ഏജൻസികളായ സപ്ലൈകോ, കൺസ്യൂമർഫെഡ്, ഹോർട്ടികോർപ്പ്, മിൽമ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ തുടങ്ങിയവ കോ-ഓർഡിനേറ്റ് ചെയ്ത് വിലക്കയറ്റം തടയുന്നതിന് നടപടികൾ സ്വീകരിക്കണം. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പമന്ത്രി (ശ്രീ. കെ. പി. മോഹനന്): കഴിഞ്ഞ ആറുമാസ കാലയളവിനുള്ളിൽ പച്ചക്കറിക്ക് ഏറ്റവും കുറഞ്ഞ വിലയാണ് ഇപ്പോഴുള്ളത്. പതിനാല് ജില്ലകളിൽ ജില്ലാ സംഭരണകേന്ദ്രങ്ങള്, വി.എഫ്.പി.സി.കെ. എന്നിവ വഴി കർഷകരിൽനിന്നും കർഷക സംഘങ്ങളിൽനിന്നും പച്ചക്കറി നേരിട്ട് സംഭരിക്കുന്നുണ്ട്. വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽനിന്നും ആഴ്ചയിൽ അഞ്ചുദിവസം ശീതകാല പച്ചക്കറികൾ ഹോർട്ടിക്കോർപ്പ് സംഭരിക്കുകയും മുപ്പത് ശതമാനം വിലക്കുറവിൽ വിൽക്കുകയും ചെയ്യുന്നു.

ശ്രീ. അനൂപ് ജേക്കബ്: ഇവിടെ ഭക്ഷ്യസാധനങ്ങൾക്ക് അനിയന്ത്രിതമായ വിലവർദ്ധനവില്ല. ഗവൺമെന്റിന്റെ ഇടപെടൽമൂലം ഭക്ഷ്യധാന്യങ്ങളുടെയും പച്ചക്കറികളുടെയും വില നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പതിമൂന്നിന സബ്സിഡി സാധനങ്ങളുടെ ലിസ്റ്റിൽ അരികൂടി ഉൾപ്പെടുത്തിയതിനാലാണ് അരിയുടെ വില നിയന്ത്രിച്ചുനിർത്താൻ കഴിയുന്നത്. മാവേലിസ്റ്റോറുകൾ കേന്ദ്രീകരിച്ച് അരിക്കടകൾ ഇപ്പോഴും ഫലപ്രദമായി നടക്കുന്നുണ്ട്. കൂടുതൽ മാവേലി സ്റ്റോറുകൾ ആരംഭിക്കാനും സാധനങ്ങളുടെ

ലഭ്യത ഉറപ്പുവരുത്താനും കഴിഞ്ഞിട്ടുണ്ട്. മാവേലി സ്റ്റോറുകൾ വഴി സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്താൻ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സോഷ്യൽ മോണിറ്ററിംഗ് സിസ്റ്റം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. വില കൂടുതലായതിനാലാണ് കേന്ദ്രഗവൺമെന്റ് അനുവദിച്ച അരി എടുക്കുവാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകാത്തത്. ബി.പി.എല്. കുടുംബങ്ങൾക്ക് ഇപ്പോഴും ഗോതമ്പ് കൊടുക്കുന്നുണ്ട്. ഗോതമ്പിന്റെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് സീലിംഗ് ഏർപ്പെടുത്തിയതിനാലാണ് എ.പി.എല്. വിഭാഗങ്ങൾക്ക് ഗോതമ്പ് നൽകാൻ കഴിയാത്തത്. അതിനുപകരമായി രണ്ട് കിലോവീതം ആട്ടയും പതിമൂന്ന് രൂപ അമ്പതു പൈസ നിരക്കിൽ ഗോതമ്പും അവർക്ക് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ നിയമം വരുമ്പോൾ അർഹരായ എല്ലാവരെയും പ്രയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തും. കേന്ദ്രത്തിൽനിന്നും കൂടുതൽ അരിവിഹിതം വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമുള്ള സാദ്ധ്യതകൾ ഒരുക്കിയിട്ടുണ്ട്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സാദ്ധ്യമായ എല്ലാ നടപടികളും ഗവൺമെന്റ്

സ്വീകരിക്കുന്നുണ്ട്. മുൻകാലങ്ങളേക്കാൾ കൂടുതൽ തുക ഭക്ഷ്യ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഓപ്പൺ മാർക്കറ്റിലേതിനേക്കാൾ മുപ്പത് ശതമാനം വിലക്കുറവിൽ ഹോർട്ടികോർപ്പ് പച്ചക്കറി വിതരണം നടത്തുന്നു. പതിമൂന്നിനം നിത്യോപയോഗ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വില കുറച്ച് വിതരണം ചെയ്യുന്നുണ്ട്. വിലവർദ്ധനവിന്റെ അമിതഭാരം ജനങ്ങളുടെമേൽ വരാത്ത വിധത്തിൽ മാർക്കറ്റ് ഇന്റർവെൻഷൻ ഫലപ്രദമായി നടപ്പിലാക്കിവരുന്നു. സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിൽ സപ്ലൈകോ വഴി നൽകുന്ന സബ്സിഡൈസ്ഡ് സാധനങ്ങളുടെ അളവ് പരിമിതപ്പെടുത്തേണ്ടി വരുമെന്നുള്ളത് ഒരു വസ്തുതയാണ്. എങ്കിലും ഗവൺമെന്റ് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടേണ്ടതില്ല എന്നുള്ള ഭക്ഷ്യവകുപ്പിന്റെ 27-08-2013-ലെ ഉത്തരവ് സംബന്ധിച്ച് വിശദമായി പരിശോധിച്ചശേഷം ഇന്ന് സഭ പിരിയുന്നതിനുമുമ്പ് വിശദീകരിക്കുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്.

അച്ചുതാനന്ദന്, സി. ദിവാകരന്, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്ത്പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രദ്ധക്ഷണിക്കൽ

## (1) പച്ചക്കറി -ഭക്ഷ്യവസ്തുക്കളിലെ മായം

ശ്രീ. തോമസ് ഉണ്ണിയാടന്: പഴം-പച്ചക്കറികൾ കേടാകാതിരിക്കുന്നതിനും ഭക്ഷ്യവസ്തുക്കൾക്ക് നിറവും രുചിയും വർദ്ധിപ്പിക്കുന്നതിനും കീടനാശിനികളും രാസവസ്തുക്കളും വ്യാപകമായി ഉപയോഗിക്കുന്നതുമൂലം സംസ്ഥാനത്തെ ജനങ്ങൾ ഗുരുതര ആരോഗ്യ പ്രശ്നങ്ങൾ നേരിടുകയാണ്. ആരോഗ്യത്തിന് ഹാനികരവും ഗുരുതരമായ രോഗങ്ങൾക്കിടയാക്കുന്നതുമായ ഇത്തരം രാസവസ്തുക്കളുടെ ഉപയോഗം കണ്ടെത്തുന്നതിന് ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുകയും മായം ചേർക്കുന്നവർക്കും അതിന് കൂട്ടുനിൽക്കുന്ന ഉദ്യോഗസ്ഥർക്കുമെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണം. വിഷരഹിതമായ പഴം-പച്ചക്കറികൾ ജനങ്ങളിലെത്തിക്കുന്നതിന് ജൈവകൃഷി പ്രോത്സാഹിപ്പിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്) : സുരക്ഷിത ഭക്ഷണം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കൊണ്ടുവന്ന ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ഫുഡ് സേഫ്റ്റി കമ്മീഷണറെ നിയമിച്ചിട്ടുണ്ട്. പാല്, പഴം, പച്ചക്കറി എന്നിവ കേട്ടുകൂടാതിരിക്കുന്നതിനും ഭക്ഷ്യവസ്തുക്കൾക്ക് നിറവും രുചിയും ലഭിക്കുന്നതിനും മാരകമായ കീടനാശിനികളും രാസവസ്തുക്കളും ചേർക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് സംസ്ഥാന വ്യാപകമായി പരിശോധനകൾ നടത്തിവരുന്നുണ്ട്. പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്രേഷൻ ആക്ട് പ്രകാരം ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്ക് ആറ് മാസം മുതൽ മൂന്ന് വർഷം വരെ ശിക്ഷ നൽകിവരുന്നു. ആഘോഷ വേളകളിലും മറ്റും ഭക്ഷ്യ വിഷബാധയുണ്ടാകാതിരിക്കാനുള്ള മുൻകരുതൽ നടപടിയുടെ ഭാഗമായി റെയ്ഡുകളും പരിശോധനകളും കർശനമാക്കുന്നുണ്ട്. കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് പതിനാല് കീടനാശിനികളുടെ ഉപയോഗവും വിൽപ്പനയും നിരോധിക്കുകയും അന്യ സംസ്ഥാനത്തുനിന്നും കീടനാശിനികൾ എത്തുന്നത് തടയുന്നതിന് എല്ലാ ജില്ലകളിലും സ്ക്വാഡുകൾ

രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജൈവപച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്കൂൾ കുട്ടികൾ മുഖേന പച്ചക്കറിവിത്ത് വിതരണവും നടത്തുന്നുണ്ട്. ഭക്ഷ്യ വസ്തുക്കളിലെ മായം കലർത്തൽ സംബന്ധിച്ച് കാർഷിക സർവ്വകലാശാല വിശദമായ പഠനങ്ങൾ നടത്തുകയും പച്ചക്കറികളിലെ വിഷാംശം നീക്കം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജനങ്ങൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. 2016-ന്റെ അവസാനത്തോടുകൂടി സംസ്ഥാനത്തെ ജൈവകാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിന്റെ മുന്നോടിയായി കാസർഗോഡ് ജില്ലയെ ജൈവ ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ഘട്ടം ഘട്ടമായി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## (2) <u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി</u>

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് പാരിസ്ഥിതിക അനുമതിയും സി.ആർ.ഇസഡ്. അനുമതിയും ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗിനുവേണ്ടി ലാന്റ് ലോർഡ് മോഡൽ നിലനിർത്തി പദ്ധതി പുനർ നിർണ്ണയിച്ചിട്ടുണ്ടെന്നും പദ്ധതിക്ക് പി.പി.പി. പങ്കാളിയെ കണ്ടെത്താൻ ടെണ്ടർ

വിളിച്ചതായും അറിയുന്നു. മുമ്പ് പി.പി.പി. മോഡലിലായിരുന്ന പ്രസ്തുത പദ്ധതി പ്രായോഗികമല്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് കഴിഞ്ഞ എല്.ഡി.എഫ്. സർക്കാർ ലാന്റ് ലോർഡ് പദ്ധതിയായി കൊണ്ടുവന്ന ഈ പദ്ധതി ഇപ്പോൾ വീണ്ടും പി.പി.പി.-യായി കൊണ്ടുവന്നിരിക്കുന്നത് മുഖ്യമന്ത്രിയുടെ അറിവോടെയാണ്. പ്ലാനിംഗ് കമ്മീഷന് മുഖ്യമന്ത്രി നൽകിയ കത്ത് പ്രകാരം പദ്ധതി പി.പി.പി. മോഡലിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. വകുപ്പുമന്ത്രി സഭയിൽ നടത്തിയിരിക്കുന്ന പ്രസ്താവനയ്ക്ക് കടകവിരുദ്ധമായ നയമാണ് മുഖ്യമന്ത്രി സ്വീകരിച്ചിരിക്കുന്നത്. ഇതുമൂലമുണ്ടായിട്ടുള്ള ആശങ്കയും ആശയക്കുഴപ്പവും ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനെ (ഐ.എഫ്.സി) കൺസൾട്ടന്റായി നിയോഗിച്ചുകൊണ്ട് വിഴിഞ്ഞം തുറമുഖത്തെ ലാന്റ് ലോർഡ് പോർട്ടാക്കി മാറ്റാൻ തീരുമാനമെടുത്തിരുന്നു. എന്നാൽ പ്രസ്തുത തീരുമാനത്തെ മറികടന്നുകൊണ്ടാണ് സർക്കാർ ഇപ്പോൾ പരിസ്ഥിതി ക്ലിയറൻസ് വാങ്ങിയിരിക്കുന്നത്. പ്രസ്തുത പോർട്ടിനെ അട്ടിമറിക്കത്തക്ക രീതിയിൽ ഒരു അന്താരാഷ്ട്രലോബി പ്രവർത്തിക്കുന്നുണ്ടെന്ന ആശങ്ക ഉയർന്നുവന്നിരിക്കുകയാണ്. ഈ സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ

നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഇതിനെയൊരു ലാന്റ് ലോർഡ് പോർട്ടാക്കി മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. കെ. ബാബു):</u> വിഴിഞ്ഞം പദ്ധതിയുടെ കാര്യത്തിൽ ഒരു ആശയക്കുഴപ്പവും സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. കേന്ദ്രത്തിന്റെ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗ് (വി.ജി.എഫ്.) ലഭ്യമാക്കുന്നതിനുവേണ്ടി ലാന്റ് ലോർഡ് മോഡലിൽത്തന്നെ നിലനിർത്തിക്കൊണ്ട് സർക്കാർ പദ്ധതി പുനർ നിർണ്ണയിച്ചിട്ടുണ്ട്. 2014-ൽ ടെന്റർ ചെയ്യുമ്പോൾ ഡോളർ വിനിമയ നിരക്കിൽ വരുന്ന വ്യതിയാനം ഇതിൽ പ്രതിഫലിക്കുമെന്നത് യാഥാർത്ഥ്യമാണ്. ഐ.എഫ്.സി.-യുടെ കാലാവധി ഡിസംബർ മാസത്തിൽ അവസാനിച്ചതിനാൽ ഏണസ്റ്റ് ആന്റ് യംഗ് എന്ന കമ്പനിയെ പുതിയ ട്രാൻസാക്ഷണൽ അഡ്വൈസറായി തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കുവേണ്ട പരിസ്ഥിതി ക്ലിയറൻസ് ലഭിക്കാതെ കഴിഞ്ഞ എല്.ഡി.എഫ്. സർക്കാർ ഇതിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചത് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസമുണ്ടാക്കി. ഈ സർക്കാരിന്റെ കാലത്താണ് പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചത്. ആഗോള ടെണ്ടർ നടപടി ആരംഭിച്ചിട്ടുണ്ട്. ഇപ്പോഴത്തെ ടെണ്ടർ പ്രകാരം ബ്രേക്ക് വാട്ടർ നിർമ്മാണം 60 ശതമാനം പൂർത്തിയായശേഷം മാത്രമേ ഡ്രെഡ്ജിംഗ്, റിക്ലമേഷൻ എന്നിവയുടെ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. പദ്ധതിക്ക്

കൂടുതൽ പ്രചരണം ലഭിക്കുന്നതിനും കൂടുതൽ കമ്പനികളെ ഇതിലേക്ക് കൊണ്ടുവരുന്നതിനുമായി 2014 ജനുവരി മാസം പതിനാറാം തീയതി മുംബൈയിൽവച്ച് ഒരു റോഡ് ഷോ സംഘടിപ്പിക്കുന്നതാണ്. ആഗസ്റ്റ് മാസത്തിൽ ടെണ്ടർ നടപടികൾ പൂർത്തിയാക്കി വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തനം ഈ വർഷം ആരംഭിക്കുന്നതാണ്.

## സബ്മിഷൻ

### (1) അംഗൻവാടി വർക്കർമാരുടെ വേതനം

ശ്രീ. വി.റ്റി. ബൽറാം : സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടെ വേതനം കാലോചിതമായി വർദ്ധിപ്പിക്കാനും 2013-ൽ വർദ്ധിപ്പിച്ച 400 രൂപ ജീവനക്കാർക്ക് ലഭ്യമാക്കാനും ക്ഷേമനിധിയെ കൂടുതൽ ഉപകാരപ്രദമാക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ) : അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന പ്രതിമാസ ഓണറേറിയത്തിൽ സംസ്ഥാന വിഹിതമായി 450 രൂപയുടെ വർദ്ധനവ് 01-04-2011 മുതലും 400 രൂപയുടെ വർദ്ധനവ് 01-04-2013 മുതലും നൽകിയിട്ടുണ്ട്. ഐ.സി.ഡി.എസ്. ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയായതിനാൽ മിനിമം വേതനം നിർണ്ണയിക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതാണ്.

അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന സംസ്ഥാനതല മോണിറ്ററിംഗ് ആന്റ് റിവ്യൂയിംഗ് കമ്മിറ്റിയുടെ തീരുമാനം സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിരിക്കുകയാണ്. വെൽഫെയർ ബോർഡിനെ സ്റ്റാറ്റ്യൂട്ടറി ബോർഡാക്കാനുള്ള ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ സ്റ്റാറ്റ്യൂട്ടറി വെൽഫെയർ ബോർഡ് നിലവിൽ വരുന്നതാണ്. അത് വന്നുകഴിഞ്ഞാൽ പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഇവിടെ ഉന്നയിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലുള്ളതാണ്. 2013-ൽ വർദ്ധിപ്പിച്ച 400 രൂപ എത്രയുംവേഗം നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

## (2) വിനീഷിനെതിരെയുണ്ടായ ആക്രമണം

ശ്രീ. മുല്ലക്കര രത്നാകരൻ : കൊല്ലം എ.ഐ.വൈ.എഫ്. മേഖലാ സെക്രട്ടറി വിനീഷിനെ വെട്ടിപ്പരിക്കേൽപ്പിച്ച പ്രതികളെ അറസ്റ്റ്ചെയ്ത് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്നതിനും മതേതരത്വ-ജനാധിപത്യ-രാഷ്ട്രീയ സംവിധാനം നിലനിർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 26-12-2013-ന് കല്ലുംതാഴം ജംഗ്ഷനുസമീപം മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ടുനിന്ന എ.ഐ.വൈ.എഫ്. മങ്ങാട് വില്ലേജ് സെക്രട്ടറി വിനീഷിനെ മുഖംമൂടി ധരിച്ചെത്തിയ ഒരു സംഘം വെട്ടിപ്പരിക്കേൽപ്പിച്ചതിനെത്തുടർന്ന് മേവറം മെഡിസിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും വിദഗ്ദ്ധ ചികിത്സയ്ക്കായി തിരുവനന്തപുരത്തേയ്ക്ക് മാറ്റുകയും ചെയ്തു. വിനീഷിന്റെ കടയിലെ തൊഴിലാളിയുടെ മൊഴി പ്രകാരം കണ്ടാലറിയാവുന്ന എട്ടുപേരെ പ്രതികളാക്കി കിളികൊല്ലൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും കൊല്ലം സിറ്റി അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ 11 അംഗ ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തി വരികയുമാണ്. ഒരു പ്രതിയെ ഇന്ന് രാവിലെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. കേസിന്റെ ഗൗരവം കണക്കിലെടുത്ത് പോലീസ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (3) അശ്വതിയുടെ ദുരൂഹ മരണം

ശ്രീ. വി. ശിവൻകുട്ടി: നേമം നിയോജകമണ്ഡലത്തിൽ അശ്വതി എന്ന

യുവതി ദുരൂഹ സാഹചര്യത്തിൽ അഗ്നിക്കിരയായി മരണപ്പെട്ടതു സംബന്ധിച്ച് അന്വേഷണം നടത്തുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയും അലംഭാവവും കണക്കിലെടുത്ത് ക്രൈംബ്രാഞ്ചിനെക്കൊണ്ട് കേസന്വേഷണം നടത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): നേമം സ്റ്റുഡിയോ റോഡിൽ രതീഷിന്റെ ഭാര്യയും രണ്ട് കുട്ടികളുടെ മാതാവുമായ അശ്വതിയെ വീട്ടിനുള്ളിൽ അടുക്കള ഭാഗത്ത് തീകത്തിമരിച്ച നിലയിൽ കാണപ്പെട്ടതിനെത്തുടർന്ന് പിതൃസഹോദരന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്തു. പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ തീപ്പൊള്ളലേറ്റതാണ് മരണകാരണമെന്ന് പറഞ്ഞിട്ടുണ്ട്. കേസിന്റെ പ്രാഥമിക അന്വേഷണത്തിൽ ദുരൂഹതയുള്ളതായി ആരോപണം ഉണ്ടായതിനെത്തുടർന്ന് വിഴിഞ്ഞം കോസ്റ്റൽ സി.ഐ.യുടെ നേതൃത്വത്തിലുള്ള പ്രത്യേക സംഘത്തിന് അന്വേഷണ ചുമതല നൽകുകയും രതീഷിനെ കസ്റ്റഡിയിലെടുത്ത് മൊഴി രേഖപ്പെടുത്തുകയും ചെയ്തു. വൈരുദ്ധ്യമായ മൊഴികളുടെ അടിസ്ഥാനത്തിൽ മറ്റ് നാലുപേരെ പോളിഗ്രാഫ് ടെസ്റ്റിന് വിധേയമാക്കുന്നതിന് കോടതിയുടെ അനുവാദം തേടിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചശേഷം ആവശ്യമെങ്കിൽ ക്രൈം

ബ്രാഞ്ചിനെക്കൊണ്ട് കേസ് അന്വേഷിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (4) പ്രേംനസീറിന് സ്മാരകം

ശ്രീ. പാലോട് രവി: മലയാള സിനിമയുടെ നിത്യഹരിത നായകനായ പ്രേംനസീറിന് തലസ്ഥാന നഗരിയിൽ സ്മാരകം പണിയാൻ സ്ഥലവും ഫണ്ടും അനുവദിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): പ്രേംനസീറിന്റെ പൂർണ്ണകായ പ്രതിമ തലസ്ഥാന നഗരിയിൽ സ്ഥാപിക്കുന്നതിനുള്ള ധനസഹായം ലഭിക്കുന്നതിനായി ഫിലിം ഫ്രറ്റേണിക്കുവേണ്ടി നടൻ സുരേഷ് ഗോപി സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രതിമ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമായാൽ ആവശ്യമായ ഫണ്ട് സമാഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (5) സെസ്സ് പിരിച്ചെടുക്കൽ

ശ്രീ. എം. ചന്ദ്രൻ: കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി നിയമം അനുശാസിക്കുന്ന വിധത്തിലുള്ള സെസ്സ് വ്യാപാരികളിൽനിന്നും പിരിച്ചെടുത്ത്

ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സജീവമാക്കുന്നതിനും തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ നൽകുന്നതിനും 60 വയസ്സ് കഴിഞ്ഞ എല്ലാ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ആഭരണ നിർമ്മാണ ക്ഷേമനിധി ബോർഡ് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ലെന്നത് വസ്തുതയാണ്. ബോർഡിന്റെ നടത്തിപ്പിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാപാരികളിൽനിന്ന് 0.25 ശതമാനം സെസ്സ് കളക്ട് ചെയ്യാനായിരുന്നു നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നതെങ്കിലും നിർവ്വചനത്തിൽ വിറ്റുവരവിന്റേതുൾപ്പെടെ 0.50 ശതമാനം കളക്ട് ചെയ്യണമെന്ന സാങ്കേതിക പ്രശ്നമാണ് നിലവിലുള്ളത്. ബില്ലിൽ അനുശാസിക്കുന്ന തരത്തിൽ സെസ്സ് പിരിച്ചെടുക്കണമെന്ന കർക്കശമായ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടും 30 പേർക്ക് മാത്രമാണ് നോട്ടീസ് നൽകിയിട്ടുള്ളത്. ഗുരുതരമായ ഈ കൃത്യവിലോപം പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്. ശാശ്വതമായ പരിഹാരം എന്ന

നിലയിൽ നിയമത്തിൽ ഭേദഗതി കൊണ്ടുവരാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## (6) ടീച്ചിംഗ്, നോൺ-ടീച്ചിംഗ് സ്റ്റാഫിന്റെ നിയമനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സംസ്ഥാനത്ത് പുതുതായി അനുവദിച്ച സർക്കാർ എയ്ഡഡ് കോളേജുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുന്നതിനും സ്പെഷ്യൽ ഓഫീസർമാരായി നിയമിച്ചവർക്കും ഗസ്റ്റ് ലക്ചറർമാർക്കും വേതനം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർക്കാർ എയ്ഡഡ് മേഖലയിൽ കോളേജുകളില്ലാത്തതും സ്ഥലം ലഭ്യമായതുമായ എല്ലാ നിയോജകമണ്ഡലങ്ങളിലും ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കുമെന്ന് ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 11 സ്ഥലത്ത് കോളേജുകൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കോളേജുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ഓഫീസർമാരെ നിയോഗിക്കുകയും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അഫിലിയേഷൻ നടത്തിയ ഏഴ് കോളേജുകളിൽ അദ്ധ്യയനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. താനൂർ കോളജിലെ അദ്ധ്യാപക നിയമനത്തിലുള്ള ശുപാർശ കോളേജ് വിജ്യാഭ്യാസ

ഡയറക്ടർ പരിശോധിച്ചുവരികയാണ്. നിലവിലുള്ള അദ്ധ്യാപകരിൽനിന്ന് ഈ കോളേജിലേക്ക് പുനർവിന്യാസത്തിന് സാധിക്കുമോയെന്നും അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ ബഡ്ജറ്റ് പ്രൊവിഷൻ ഉണ്ടോയെന്നുമുള്ള റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യ വകുപ്പുമായി ആലോചിച്ച് അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റ് കോളേജുകളിലെ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ മുഖ്യമന്ത്രിയുടെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. താനൂർ ഗവൺമെന്റ് കോളേജിൽ അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനായി കോളേജ് വിദ്യാഭാസ വകുപ്പ് ഡയറക്ടർ നൽകിയ ശുപാർശ പരിശോധിക്കുകയും അവിടെ ആരംഭിച്ച ഓരോ കോഴ്സിന്റേയും സാംങ്ഷൻ ഇൻടേക്കും അക്ച്വൽ ഇൻടേക്കും അറിയിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലും വ്യക്തമായ മറുപടി ലഭിക്കാത്തതിനാൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയതായി തസ്തികകൾ അനുവദിക്കുന്നതെന്ന വിവരം അറിയിക്കണമെന്ന് വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ട് ലഭ്യമായാലുടൻ ധനാകാര്യ വകുപ്പുമായി ആലോചിച്ച് അനദ്ധ്യാപക തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## (7) കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ സാമ്പത്തിക ക്രമക്കേടുകൾ

ശ്രീ. കെ. മുരളീധരന്: തിരുവനന്തപുരം കെ.എസ്.എഫ്.ഇ. സ്റ്റാഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ക്രമക്കേടുകൾക്ക് ഉത്തരവാദികളായവരെ കണ്ടെത്തുന്നതിനും നിക്ഷേപകർക്ക് തുക തിരികെ ലഭ്യമാക്കുന്നതിനും സഹകരണ വകുപ്പിലെ ഓഡിറ്റിംഗിനായി ചില ജീവനക്കാരെമാത്രം പ്രത്യേകം നിയോഗിച്ചുവെന്ന ആരോപണം അന്വേഷിച്ച് യഥാർത്ഥ കുറ്റവാളികളെ കണ്ടെത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി.എന്. ബാലകൃഷ്ണന്): തിരുവനന്തപുരം കെ.എസ്.എഫ്.ഇ. സ്റ്റാഫ് സഹകരണ സംഘം ക്ലിപ്തം നമ്പർ 777—ൽ സാമ്പത്തിക ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നടത്തിയ പ്രാഥമിക പരിശോധനയിൽ ധനാപഹരണം നടന്നതായി കണ്ടെത്തുകയും ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കുമെതിരെ പോലീസിൽ പരാതി നൽകുകയും 2004 മുതലുള്ള സംഘത്തിലെ കണക്കുകൾ ആഡിറ്റ് ചെയ്യുകയും ഭരണച്ചുമതല വഹിച്ചിരുന്ന അഞ്ച് സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് കേരള സഹകരണ നിയമ പ്രകാരം നടത്തിയ പരിശോധനയിൽ 16.75 കോടി

രൂപയുടെ പണാപഹരണം നടന്നതായി കണ്ടെത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ജീവനക്കാരുടെ ഇടപാടുകൾ തടഞ്ഞുകൊണ്ട് കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രധാന ഉത്തരവാദിയായ താൽക്കാലിക ജീവനക്കാരന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ പോക്കുവരവ് തഹസീൽദാർ റദ്ദ് ചെയ്യുകയും ടിയാന്റേയും ബന്ധുക്കളുടേയും പേരിലുള്ള വസ്തുവകകൾ പോക്കുവരവ് ചെയ്ത് കൊടുക്കരുതെന്ന് റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകുകയും അയാളുടേയും ഭാര്യയുടേയും പേരിൽ തിരുവനന്തപുരം--കൊല്ലം ജില്ലാ സഹകരണ ബാങ്കുകളിലുള്ള അക്കൗണ്ടുകൾ മരവിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ക്രമക്കേട് നടത്തിയ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ കെ.എസ്.എഫ്.ഇ. മാനേജിംഗ് ഡയറക്ടർക്ക് രജിസ്ട്രാർ കത്ത് നൽകുകയുണ്ടായി. അന്വേഷണം എത്രയും വേഗം പൂർത്തിയാക്കി കുറ്റക്കാരെ കോടതി മുൻപാകെ ഹാജരാക്കാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി.-യോട് നിർദ്ദേശിച്ചിട്ടുണ്ട്. ആഡിറ്റ് നടത്തിയ ഒരു ഡെപ്യൂട്ടി രജിസ്ട്രാറേയും റിട്ടയർ ചെയ്ത ഒരു അസിസ്റ്റന്റ് രജിസ്ട്രാറേയും താൽക്കാലിക ജീവനക്കാരനേയും മുൻ സെക്രട്ടറിമാരേയും അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഘത്തിന്റെ സുഗമമായ പ്രവർത്തനത്തിന് സഹകരണ വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ സ്പെഷ്യൽ ആഫിസറായി നിയമിച്ചിട്ടുണ്ട്. സംഘത്തിന്

നഷ്ടമായ തുകകൾ ഈടാക്കുന്നതിനുവേണ്ടി ഉത്തരവാദികളുടെ ബാധ്യത നിർണ്ണയിച്ചുകൊണ്ട് വകുപ്പ് 68(1) പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ.-യിൽ നിന്നും 7 കോടി രൂപ കൂടി ലഭ്യമാക്കി നിക്ഷേപകർക്ക് തുക തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(8) **ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് ഗ്രേസ് മാർക്കും സാമ്പത്തിക സഹായവും**

ശ്രീ. അൻവർ സാദത്ത്: സംസ്ഥാനത്തെ ഹൈസ്കൂളുകളിലെ ജൂനിയർ റെഡ്ക്രോസ്സ് കേഡറ്റുകൾക്ക് യൂണീഫോമിനും ക്യാമ്പിനും സാമ്പത്തിക സഹായം നൽകുന്നതിനും എസ്.എസ്.എല്.സി. ഗ്രേസ് മാർക്ക് ഉയർത്തുന്നതിനും നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ പി.കെ അബ്ദുറബ്ബ്): ജൂനിയർ റെഡ്ക്രോസ് കേഡറ്റുകളുടെ സിലബസ് ഘടന പരിഷ്ക്കരിച്ച് അവരുടെ അക്കാദമിക്-സേവന മേഖലകളിൽ തുല്യത കൽപ്പിച്ച് ആയത് ഗ്രേസ് മാർക്കിൽ പ്രതിഫലിക്കത്തക്കവിധത്തിൽ ജൂനിയർ റെഡ്ക്രോസ് കേഡറ്റുകൾക്ക് എസ്.എസ്.എല്.സി. പരീക്ഷയിൽ 25 മാർക്ക് ഗ്രേസ് മാർക്കും യൂണിഫോമിനും ക്യാമ്പിനും സാമ്പത്തിക സഹായവും നൽകാൻ കഴിയുമോയെന്നുമുള്ള കാര്യം പരിശോധിച്ച് ഉചിതമായ ശുപാർശ സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറെ അധികാരപ്പെടുത്തിയിട്ടുണ്ട്.

(9) **<u>കമ്മ്യൂണിറ്റി കോളേജിനായുള്ള ഭൂമി കൈമാറ്റം</u>**

<u>ശ്രീ എ.കെ. ബാലന്:</u> തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി പഞ്ചായത്തിൽ പട്ടികജാതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ചതും വളരെ പരിമിതമായ സൗകര്യങ്ങളുള്ള വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ കമ്മ്യൂണിറ്റി കോളേജിന് സ്വന്തമായി കെട്ടിടം പണിയാൻ റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള ഭൂമി പട്ടികജാതി വകുപ്പിന് കൈമാറ്റം ചെയ്യാൻ നടപടികൾ സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്)</u>: വടക്കഞ്ചേരി 1 വില്ലേജിൽ ബ്ലോക്ക് നമ്പർ 45 റീസർവ്വേ നമ്പർ 2—ൽപെട്ട ഭൂമി പട്ടികജാതി വികസനവകുപ്പ് നേരത്തെ ആവശ്യപ്പെട്ടതനുസരിച്ച് കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.റ്റി.എ. കമ്മിറ്റി ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സിന്റെ വിധിയുടെ അന്തിമ തീരുമാനത്തിനനുസൃതമായി ഭൂമി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(10) **<u>പന്നിക്കുഴി പാലത്തിന്റെ നിർമ്മാണം കെ.എസ്.റ്റി.പി.-ക്ക് നൽകേണ്ടത് സംബന്ധിച്ച്</u>**

<u>ശ്രീ മാത്യൂ റ്റി. തോമസ്:</u> തിരുവല്ല നിയോജകമണ്ഡലത്തിലെ എം.സി. റോഡിലെ പന്നിക്കുഴിപാലം വീതികൂട്ടി കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തി അടിയന്തരമായി പുതുക്കി പണിയാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പമന്ത്രി (ശ്രീ വി.കെ. ഇബ്രാഹിം കുഞ്ഞ്): കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ ഉൾപ്പെട്ട ചെങ്ങന്നൂര്-ഏറ്റുമാനൂർ റോഡിന്റെ നിർമ്മാണം ജനുവരി മാസം തുടങ്ങുന്നതാണ്. പന്നിക്കുഴി പാലം ഉൾപ്പെടെയുള്ള ചെങ്ങന്നൂര്-ഏറ്റുമാനൂർ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ 2016 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൺസോർഷ്യം എഗ്രിമെന്റ് വച്ചാൽ ഉടൻ തന്നെ പാലം ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (11) മണൽ വാരൽ പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച്

ശ്രീ കെ. രാധാകൃഷ്ണന്: സംസ്ഥാനത്തെ നദികളിൽ നിന്നും നിയന്ത്രണവിധേയമായി മണൽ വാരുന്നത് പുന:സ്ഥാപിക്കുന്നതിനും നാഷണൽ ഗ്രീൻ ട്രിബ്യൂണലിന്റെ തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അവയ്ക്ക് പരിഹാരം കണ്ടെത്തുന്നതിനും സത്വര നടപടികളുണ്ടാകണം.

റവന്യൂവും കയറും വകുപ്പമന്ത്രി (ശ്രീ. അടൂർ പ്രകാശ്): നദികളിലെ അനിയന്ത്രിതവും അശാസ്ത്രീയവുമായ മണൽ ഖനനം നിയന്ത്രിക്കുന്നതിന് 2001-ൽ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം കൊണ്ടുവരികയും മണൽ ദൗർലഭ്യം നേരിടുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കുകയും മണലിന് പകരം ഉപയോഗിക്കാൻ കഴിയുന്ന വസ്തുക്കളെ പ്രോത്സാഹിപ്പിക്കുകയും അന്യസംസ്ഥാനങ്ങളിൽനിന്നും

നിയമവിധേയമായി മണൽ കൊണ്ടുവരുന്നതിനുള്ള സംവിധാനമേർപ്പെടുത്തുകയും ചെയ്തു. എല്ലാ ഖനന പ്രവർത്തനങ്ങൾക്കും പരിസ്ഥിതി ക്ലിയറൻസ് ആവശ്യമാണെന്ന ഗ്രീൻ ട്രിബ്യൂണലിന്റെ ഹർജിയിന്മേൽ സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചതിനെ തുടർന്ന് ജില്ലകളിലെ മണൽ ഖനനം നിർത്തലാക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകി. ഗ്രീൻ ട്രിബ്യൂണൽ ഉത്തരവിലെ നിർദ്ദേശങ്ങളും കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ വ്യവസ്ഥകളും യോജിച്ച് പോകുന്നതാണോയെന്ന് പരിശോധിക്കുന്നതിനും മണ്ണ്, മണല്, പാറ എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ വേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാരുടെ യോഗം വിളിച്ച് ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(12) **മലയോര കർഷകർക്ക് ഉപാധിരഹിത പട്ടയം**

ശ്രീമതി ഇ.എസ്. ബിജിമോള്: കൈവശഭൂമിയിൽ കൃഷി ചെയ്തുവരുന്ന കേരളത്തിലെ മലയോര കർഷകർക്കും ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്കും ഉപാധിരഹിത പട്ടയം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സംസ്ഥാനത്തെ മലയോര മേഖലകളിൽ 1-1-1977-ന് മുമ്പ് കുടിയേറിയ കർഷർക്ക് 1993-ലെ

കേരള ഭൂപതിവ് പ്രത്യേക ചട്ടങ്ങൾ പ്രകാരമാണ് പട്ടയങ്ങൾ നൽകിവരുന്നത്. റവന്യൂ-വനം വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് 1-1-1977-ന് മുമ്പുള്ള കുടിയേറ്റമാണെന്ന് കണ്ടെത്തി കേന്ദ്രാനുമതി ലഭ്യമാക്കിയിട്ടുള്ള ഭൂമിക്കും പട്ടയം കൊടുക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. മലയോരകർഷർക്ക് നൽകുന്ന പട്ടയങ്ങൾ ക്രയവിക്രയം ചെയ്യുന്നത് തടഞ്ഞുകൊണ്ടുള്ള ഉപാധിയിൽ ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യവസ്ഥ ഒഴിവാക്കിക്കൊണ്ടുള്ള പട്ടയങ്ങളാണ് നൽകിവരുന്നത്. ഭൂമി കൈമാറ്റം ചെയ്ത് കിട്ടിയവർക്ക് പട്ടയം നൽകുന്നതിന് നിയമഭേദഗതി വരുത്തുകയും ഇടുക്കി ജില്ലയിലെ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളിലെ കുടുംബങ്ങൾക്ക് പട്ടയം അനുവദിക്കുന്നതിന് ഇടുക്കി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും കൃഷിക്കായി കൈവശം വയ്ക്കാവുന്ന ഭൂ പരിധി നാല് ഏക്കറായി വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു.

### (13) <u>പുതിയ താലൂക്ക്</u>

<u>ശ്രീ. ബാബു എം. പാലിശ്ശേരി:</u> തലപ്പിള്ളി താലൂക്ക് വിഭജിച്ച് കുന്ദംകുളം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. അടൂർ പ്രകാശ്</u>): 2013-14 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച 12 താലൂക്കുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പുതിയ താലൂക്കുകൾ

രൂപീകരിക്കുന്ന കാര്യം ഇപ്പോൾ ഗവൺമെന്റിന്റെ പരിഗണനയിലില്ല.

(14) **തൃശ്ശൂർ ജനറൽ ആശുപത്രി കെട്ടിടം**

ശ്രീ. തേറമ്പിൽ രാമകൃഷ്ണന്: തൃശ്ശൂർ ജനറൽ ആശുപത്രിയിൽ പുതുതായി പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഒ.പി. കെട്ടിടത്തിന്റെ ആറ് നിലകളും അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): തൃശ്ശൂർ ജനറൽ ആശുപത്രിക്കുവേണ്ടി ആറ് നില കെട്ടിടത്തിന് ഭരണാനുമതി ലഭിച്ചെങ്കിലും പ്ലാൻ ഫണ്ടിന്റെ അപര്യാപ്തതമൂലം മൂന്നുനില കെട്ടിടത്തിന്റെ നിർമ്മാണമാണ് നടക്കുന്നത്. പ്രസ്തുത ആശുപത്രിയിൽ ബാക്കി മൂന്നുനില കൂടി പണിത് പ്രവർത്തന സജ്ജമാക്കുന്നതിന് അടുത്തവർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

(15) **പ്രീ-പ്രൈമറി നഴ്സറി സ്കൂൾ ടീച്ചർമാരുടെ വേതനം**

ശ്രീ. ഐ. സി. ബാലകൃഷ്ണന്: പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വികാസ്‌വാടി പ്രീ-പ്രൈമറി നഴ്സറി സ്കൂൾ ടീച്ചർമാരുടേയും ആയമാരുടേയും ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി.കെ. ജയലക്ഷ്മി): പട്ടികവർഗ്ഗ വികസന വകുപ്പിന്റെ

നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വികാസ്‌വാടി, ബാലവാടി, കിന്റർ ഗാർഡൻ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം മൂവായിരം രൂപയായും ആയമാരുടെ ശമ്പളം ആയിരം രൂപയായും വർദ്ധിപ്പിച്ച് 1-4-2013 മുതൽ മുൻകാല പ്രാബല്യത്തോടെ നൽകാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(16) **എന്.ആര്.എച്ച്.എം. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ**

ശ്രീ. രാജു എബ്രഹാം: എന്.ആര്.എച്ച്.എം. ജീവനക്കാരുടെ വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ അടിയന്തരമായി പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): 2012-13 സാമ്പത്തിക വർഷത്തിൽ സംസ്ഥാന മിഷൻ ഡയറക്ടർ രൂപീകരിച്ച ശമ്പള വർദ്ധന കമ്മിറ്റിയുടെ ശുപാർശ പ്രകാരം എന്.ആര്.എച്ച്.എം. ജീവനക്കാർക്ക് ശമ്പള വർദ്ധനവ് നൽകാൻ തീരുമാനിക്കുകയും 1-8-2012 മുതൽ വർദ്ധിപ്പിച്ച ആനുകൂല്യം നൽകുകയും ചെയ്തുവെങ്കിലും 2013-14 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിന് സമർപ്പിച്ച പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കേന്ദ്രസർക്കാർ അംഗീകരിക്കുന്ന നിരക്കിൽ മാത്രമേ ശമ്പളം നൽകാൻ കഴിയുകയുള്ളൂയെന്ന് കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രാലയം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത നിരക്കിൽ ശമ്പളം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്.

(17) **അട്ടപ്പാടിയിലെ ഡോക്ടർമാർക്ക് പ്രത്യേക ആനുകൂല്യം**

ശ്രീ. എന്. ഷംസുദ്ദീന്: കേരളത്തിൽ അതീവ ദുർഘട മേഖലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പി.ജി. ക്വാട്ടയ്ക്ക് നൽകിയിരുന്ന സംവരണം പുന:സ്ഥാപിക്കാനും സർക്കാർ പ്രഖ്യാപിച്ച ഇരുപതിനായിരം രൂപയുടെ അധിക വേതനം അടിയന്തരമായി വിതരണം ചെയ്യാനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്): 2013-ലെ പി.ജി. മെഡിക്കൽ കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിലേയ്ക്ക് പുറപ്പെടുവിച്ച പ്രോസ്പെക്ടസ് പ്രകാരം സർവ്വീസ് ക്വാട്ടയിലെ വിദ്യാർത്ഥികൾക്ക് അനുവദിച്ചിരുന്ന ദുർഘട ഗ്രാമീണ മേഖല സർവ്വീസ് ക്വാട്ട നിർത്തലാക്കുകയും അതിന് പകരമായി ദുർഘട ഗ്രാമീണ മേഖലയിൽ രണ്ടുവർഷം സേവനമനുഷ്ഠിച്ചിട്ടുള്ള ഡോക്ടർമാർക്ക് അവരുടെ മൊത്തം സേവന കാലയളവിൽ ഒരുവർഷം കൂടി വെയിറ്റേജായി നൽകാൻ വ്യവസ്ഥ ചെയ്യുകയും ചെയ്തിരുന്നു. 2014 അദ്ധ്യയന വർഷത്തെ പി.ജി. പ്രവേശനം സംബന്ധിച്ച പ്രോസ്പെക്ടസ് പുറപ്പെടുവിച്ചില്ല. ഈ മേഖലയിലെ ഡോക്ടർമാർക്ക് ഇരുപതിനായിരം രൂപ പ്രത്യേക അലവൻസ് അനുവദിക്കുന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ട സ്പഷ്ടീകരണം വരുത്തി ഉത്തരവ് ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്. എന്.ആര്.എച്ച്.എം. വഴി നിയമിച്ച ഡോക്ടർമാർക്ക് പ്രത്യേക അലവൻസായി ഇരുപതിനായിരം രൂപ

നൽകിവരുന്നുണ്ട്.

## (18) നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ശ്രീ. വി. എം. ഉമ്മർ മാസ്റ്റര്: നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനും ആവശ്യമായ ഡോക്ടർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്): നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. പ്രസ്തുത ആരോഗ്യകേന്ദ്രത്തിൽനിന്നും ഏകദേശം പത്ത് കിലോമിറ്റർ ദൂരത്തിൽ താമരശ്ശേരി താലൂക്ക് ആശുപത്രി നിലവിലുണ്ട്. എന്നിരുന്നാലും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## (19) പരിയാരം മെഡിക്കൽ കോളേജ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: പരിയാരം മെഡിക്കൽ കോളേജ് സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നതിനും ശ്രീചിത്ര മോഡൽ ഭരണ മാതൃക

സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്): പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലാ കളക്ടർ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തി-ബാദ്ധ്യതകൾ വിലയിരുത്തുകയും പ്രസ്തുത സ്ഥാപനത്തിന് ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയും അധിക ജീവനക്കാരും ഉള്ളതായി റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാവുന്ന മാർഗ്ഗങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതതല സമിതിയെ നിയമിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി പഠനം നടത്തിവരുന്നു. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സമിതിയുടെ പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (20) സ്വകാര്യ ആശുപത്രികളിലെ ഫീസ് ഏകീകരിക്കുന്നതിന് നടപടി

ശ്രീ. പി. ശ്രീരാമകൃഷ്ണന്: കേരളത്തിലെ സ്വകാര്യ ആശുപത്രികളിൽ വിവിധ ചികിത്സകൾക്ക് സംസ്ഥാനത്താകെ ഏകീകൃതമായ പരിശോധന ഫീസും ചികിത്സാ ഫീസും ഈടാക്കുന്നതിനും അമിത ഫീസും ചൂഷണവും

ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാര്): 2013-ലെ കേരളത്തിലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ നിയമമാകുന്നതോടുകൂടി സ്വകാര്യ ആശുപത്രികളുടെയും ലാബുകളുടെയും മേൽ സർക്കാരിന് നിയന്ത്രണമുണ്ടാകുകയും ചൂഷണത്തിൽനിന്നും സാധാരണക്കാരെ ഒഴിവാക്കുന്നതിന് സാധിക്കുകയും ചെയ്യുമെന്ന് കരുതുന്നു. താമസംവിനാ പ്രസ്തുത ബിൽ നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്.

**മേശപ്പുറത്തു വച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ മേശപ്പുറത്തു വച്ചു.

**റിപ്പോർട്ട് സമർപ്പണം**

സംസ്ഥാനത്ത് സ്വർണ്ണ വ്യാപാര മേഖലയിൽ പുതിയ നികുതി ഘടന ഏർപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ക്രമപ്രശ്നം**

## ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കാ ത്തതു സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണന്: പതിമൂന്നാം കേരള നിമസഭയുടെ വിവിധ സമ്മേളനങ്ങളിൽ അംഗങ്ങൾ ഉന്നയിച്ച ചോദ്യങ്ങൾക്ക് സമയബന്ധിതമായി മറുപടി ലഭ്യമാക്കുന്ന കാര്യത്തിൽ മുഖ്യമന്ത്രി മാതൃക കാണിക്കുകയും മറ്റു മന്ത്രിമാർക്ക് നിർദ്ദേശം കൊടുക്കുകയും ഇക്കാര്യത്തിൽ നിയമസഭാ നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാനുള്ള ഉത്തരവ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട അംഗം പരാമർശിച്ച വിഷയം ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് എടുക്കുന്നത്. എന്നാൽ ആകെ ചോദ്യങ്ങളുടെ എണ്ണവുമായി പരിശോധിക്കുമ്പോൾ വളരെ കുറച്ച് ചോദ്യങ്ങൾക്കു മാത്രമാണ് മറുപടി കിട്ടുവാനുള്ളത്. കുറവുകൾ വന്നിട്ടുള്ളത് പരിഹരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കര്: പതിമൂന്നാം കേരള നിയമസഭയുടെ ഒന്നുമുതൽ ഒൻപതുവരെയുള്ള സമ്മേളനകാലത്ത് അംഗങ്ങൾ നോട്ടീസ് നൽകിയ പല ചോദ്യങ്ങൾക്കും ഉത്തരം ലഭിച്ചിട്ടില്ലെന്നും ലഭിച്ച ഉത്തരങ്ങൾതന്നെ പലതും

അപൂർണ്ണമായിരുന്നുവെന്നുമാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച കാര്യം.

പതിമൂന്നാം കേരള നിയമസഭയുടെ ഒന്നു മുതൽ ഒമ്പതുവരെയുള്ള സമ്മേളനകാലത്ത് 42156 ചോദ്യങ്ങളാണ് അനുവദിച്ചത്. ഇതിൽ 19995 ചോദ്യങ്ങൾക്ക് യഥാസമയം തന്നെ മറുപടി ലഭിച്ചതായി കാണുന്നു. ഇടക്കാല മറുപടി/വിവരം ശേഖരിച്ചുവരുന്നു എന്ന് മറുപടി നൽകിയ 1166 ചോദ്യങ്ങൾക്ക് ഇതുവരെയും പൂർണ്ണ മറുപടി ലഭിച്ചിട്ടില്ല. 278 ചോദ്യങ്ങൾക്ക് യാതൊരു മറുപടിയും ലഭിച്ചതായി കാണുന്നില്ല. ആകെയുള്ള ചോദ്യങ്ങളിൽ 3.42 ശതമാനം ചോദ്യങ്ങൾക്കാണ് ഇത്തരത്തിൽ ഇനിയും മറുപടി ലഭിക്കാത്തത് എന്ന് കാണുന്നു.

അംഗങ്ങൾ നോട്ടീസ് നൽകുന്ന ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കുന്നില്ലെന്ന പരാതി വ്യാപകമായി ഉണ്ടായ സാഹചര്യത്തിൽ നിയമസഭാ ചട്ടം പരിഷ്കരിക്കുന്നതിന് നിയോഗിച്ച പ്രത്യേക സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് 2010 മാർച്ചിൽ നിയമസഭാ ചട്ടത്തിൽ മേൽപ്പറഞ്ഞ ചട്ടം 47 ചേർത്തത്. ഈ ചട്ടം നിലവിൽ വന്നിട്ടും 278 ചോദ്യങ്ങൾക്ക് ഇതുവരെ

മറുപടി ലഭിച്ചിട്ടില്ലെന്നതും 1166 ചോദ്യങ്ങൾക്ക് അന്തിമ മറുപടി ലഭിച്ചിട്ടില്ലെന്നതും ചെയർ ഗൗരവമായി കാണുന്നു. ഓരോ സമ്മേളനത്തിന് ശേഷവും മറുപടി ലഭിക്കാത്ത ചോദ്യങ്ങളുടെ വിശദാംശം ചീഫ് സെക്രട്ടറിയെയും ബന്ധപ്പെട്ട സെക്രട്ടറിമാരെയും മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരെയും ഈ സെക്രട്ടേറിയറ്റിൽനിന്നും കാലാകാലം അറിയിച്ചിട്ടുണ്ട്. ചോദ്യങ്ങൾക്ക് കൃത്യസമയത്ത് ഉത്തരം ലഭിക്കുക എന്നത് നിയമസഭാംഗങ്ങളുടെ അവകാശമാണ്. ആ അവകാശം സംരക്ഷിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് ഭാഗത്തുനിന്നും കാര്യക്ഷമമായ നടപടികൾ ഉണ്ടാകുമെന്ന് ചെയർ പ്രത്യാശിക്കുന്നു.

## ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. വി. റ്റി. ബൽറാം: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. വ്യക്തമായ ആസൂത്രണത്തോടും കാഴ്ചപ്പാടോടും നിശ്ചയദാർഢ്യത്തോടുംകൂടി മുന്നോട്ട് പോകുന്ന ഒരു സർക്കാരിന്റെ നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. രാജ്യത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതിനിർണ്ണയിച്ചുകൊണ്ട് പോകുന്ന ഒരു കേന്ദ്രഗവൺമെന്റും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയർന്ന ഒരു സംസ്ഥാന ഗവൺമെന്റുമാണ് ഇന്ന്

അധികാരത്തിലിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയുടെ പ്രയോജനം നിരവധിയാളുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ പല പ്രദേശങ്ങളും സമ്പൂർണ്ണ പെൻഷൻ പ്രദേശങ്ങളായി പ്രഖ്യാപിക്കാൻ പോകുന്നു. ജനസമ്പർക്ക പരിപാടിയിലൂടെ മുഖ്യമന്ത്രിക്കുലഭിച്ച അനുഭവങ്ങളാണ് ഈ തീരുമാനങ്ങളിലേയ്ക്ക് അദ്ദേഹത്തെ നയിച്ചത്. വാർദ്ധക്യകാല പെൻഷന് പ്രായപരിധി 60 വയസ്സും വരുമാന പരിധി മൂന്നുലക്ഷം രൂപയുമാക്കിയത് വളരെയേറെപ്പേർക്ക് ആശ്വാസം നൽകുന്നതാണ്. സർക്കാർ ആർട്സ് & സയൻസ് കോളേജുകളില്ലാത്ത മുഴുവൻ നിയോജക മണ്ഡലങ്ങളിലും കോളേജുകൾ സ്ഥാപിക്കുമെന്ന കഴിഞ്ഞ ബഡ്ജറ്റിലെ പ്രഖ്യാപനം പ്രാവർത്തികമാക്കി. താലൂക്ക് രൂപീകരണം പൂർത്തിയാക്കി. ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യമാകുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ള സംവിധാനം ഉണ്ടാകണം. ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതോടൊപ്പം ആ പരിഷ്കരണം ഭരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുപകരിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ശമ്പള പരിഷ്കരണ കമ്മീഷനുകൾ നിർദ്ദേശിക്കുന്ന ഭരണ പരിഷ്കാര നടപടികൾ കൃത്യമായി നടപ്പാക്കാൻ കഴിയണം. സീറോ ലാൻഡ് ലെസ് പദ്ധതി കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനായി സീറോ ഹോംലെസ് പദ്ധതികൂടി വിഭാവന

ചെയ്യണം. മൂന്ന് സെന്റ് ഭൂമി കൊടുക്കുന്നതിനുപകരം ഫ്ളാറ്റുകൾ നിർമ്മിച്ചുകൊടുക്കുന്ന ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കണം. ഇക്കോണമി ബേസ്ഡ് പ്ലാനിംഗിനോടൊപ്പം ഓരോ പ്രദേശത്തിനും അനുയോജ്യമായ ഇക്കോളജി ബേസ്ഡ് പ്ലാനിംഗുമുണ്ടാകണം. കൊച്ചിൻ മെട്രോ റെയിൽ പദ്ധതിക്കാവശ്യമായ മണൽ മുഴുവൻ ഭാരതപ്പുഴയിൽനിന്ന് എടുക്കാനുള്ള തീരുമാനം പുന:പരിശോധിക്കണം. കേരളത്തിന്റെ നിലനിൽപ്പിനാധാരമായ പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനായുള്ള മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. കസ്തൂരിരംഗൻ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എല്ലാ പഞ്ചായത്തുകളിലും നടപ്പാക്കണം. കേരളത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് എല്ലാ പ്രദേശങ്ങളുടെയും പ്രകൃതി സംരക്ഷണത്തിനാവശ്യമായ പ്ലാന്റ് ഡെവലപ്മെന്റ് പ്രോഗ്രാം ആവശ്യമാണ്.

<u>ശ്രീ. എ.കെ. ബാലൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വിലക്കയറ്റം, തൊഴിലില്ലായ്മ, വർഗ്ഗീയത, അഴിമതി എന്നിങ്ങനെ രാജ്യത്തെയും ജനജീവിതത്തെയും ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ ഒരു പ്രഖ്യാപനവും നയപ്രഖ്യാപനത്തിലില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അട്ടപ്പാടിയിൽ ആദിവാസികളുടെ മരണസംഖ്യ ക്രമാതീതമായി ഉയർന്നു. അവിടെ പോഷകാഹാര വിതരണത്തിന് വളരെ തുച്ഛമായ തുകയാണ് അനുവദിച്ചിട്ടുള്ളതെന്നു മാത്രമല്ല

വെള്ളവും വെളിച്ചവും ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. എ.ഡി.ബി.-യിൽ നിന്നും വായ്പ വാങ്ങിയതിന്റെ കൃത്യമായ കണക്കുകൾപോലും വകുപ്പുദ്യോഗസ്ഥന്മാർക്ക് പറയാൻ കഴിയാതെ വന്നിരിക്കുകയാണ്. ആയിരം മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കൽക്കരിപ്പാടം പദ്ധതി കേന്ദ്രഗവൺമെന്റ് പിൻവലിച്ചിട്ട് അതിനെതിരെ പ്രതികരിക്കാത്ത ഗവൺമെന്റാണിത്. കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനു വേണ്ടി ഈ ഗവൺമന്റ് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.

<u>ശ്രീ. റ്റി.എ. അഹമ്മദ് കബീര്:</u> നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ക്ഷേമ പദ്ധതികളുടെ വിഹിതം മൂന്നിരട്ടി വർദ്ധിപ്പിച്ച ഗവൺമെന്റാണിത്. കാരുണ്യ ബെനവലന്റ്സ് പദ്ധതി നടപ്പിലാക്കിയത് അഭിനന്ദനാർഹമാണ്. കേരളത്തിലെ ലാഭമുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽനിന്ന് ഒരു നിശ്ചിത തുക ഈ പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കാൻ വ്യവസായ വകുപ്പ് മുന്നോട്ട് വന്നത് സ്വാഗതാർഹമാണ്. എല്ലാ വകുപ്പുകളും ഏകോപിതമായി ഇവിടെ പ്രവർത്തിക്കുമ്പോൾ അത് പ്രതിപക്ഷം കണ്ടില്ലെന്ന് നടിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ജനോപകാരപ്രദങ്ങളായ പ്രവർത്തനങ്ങളിൽനിന്ന് ജനശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്തിൽ

നടത്തിക്കൊണ്ടിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്കായി നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും പദ്ധതി അടങ്കൽ വർദ്ധിപ്പിച്ചുകൊണ്ടുമുള്ള നടപടികളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. പ്രാദേശിക സന്തുലിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനായി മെഡിക്കൽ കോളേജുകളില്ലാത്ത മണ്ഡലങ്ങളിൽ കക്ഷി രാഷ്ട്രീയത്തിനതീതമായി മെഡിക്കൽ കോളേജുകൾ കൊണ്ടുവരാനും പിന്നോക്ക മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിന് ഹൈപവേർഡ് കമ്മിറ്റിയെ നിയോഗിക്കുമെന്നുമുള്ള സർക്കാരിന്റെ തീരുമാനവും ശ്ലാഘനീയമാണ്.

ശ്രീ. പി. തിലോത്തമന്: നന്ദിപ്രമേയത്തെ എതിർക്കുന്നു. സംസ്ഥാനത്തെ ഭരണ രംഗമാകെ മലീമസമാക്കുന്ന പ്രവർത്തനങ്ങളാണ് കഴിഞ്ഞ രണ്ടര വർഷങ്ങളായി ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. കൂട്ടുത്തരവാദിത്തമില്ലാത്ത മന്ത്രിസഭയാണ് സംസ്ഥാനം ഭരിക്കുന്നത്. വർദ്ധിച്ചു വരുന്ന സൈബർ കുറ്റകൃത്യങ്ങൾക്കും തട്ടിപ്പുകേസ്സുകൾക്കുമെതിരായി യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാർ തയ്യാറാകുന്നില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക രംഗമാകെ താറുമാറാകുകയാണ്. കരാറുകാരുടെ കുടിശ്ശികതുക കൊടുത്തുതീർക്കാത്തതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ

കരാറുകാർ തയ്യാറാകുന്നില്ല. നിയമന നിരോധനംമൂലം സംസ്ഥാനത്തെ ചെറുപ്പക്കാരുടെ ഭാവി അനിശ്ചിതത്വത്തിലാണ്. സംസ്ഥാനത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണനയ്ക്കെതിരായി ഒന്നിച്ചുനിൽക്കാൻപോലും യു.ഡി.എഫ്. ഗവൺമെന്റിന് കഴിയാത്ത അവസ്ഥയാണുള്ളത്. സർക്കാർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങളും വിവിധ ക്ഷേമ പെൻഷനുകളും ഈ സർക്കാർ വെട്ടിക്കുറച്ചിരിക്കുകയാണ്. പരമ്പരാഗത വ്യവസായ മേഖല തകർച്ചയെ നേരിടുകയാണ്. മണ്ണെണ്ണക്ഷാമംമൂലം തീരദേശ മേഖലയാകെ ദുരിതമനുഭവിക്കുകയാണ്. ഐ.എ.വൈ. പദ്ധതി ഫലപ്രദമായി നടപ്പാക്കാത്തതുമൂലം കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന ഫണ്ട് ലാപ്സായി പോകുന്ന അവസ്ഥയാണുള്ളത്. വിലക്കയറ്റംമൂലം ജന ജീവിതം ദുസ്സഹമായിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി പ്രഹസനമായി മാറിയിരിക്കുന്നു.

<u>ശ്രീ. പി.റ്റി.എ. റഹീം:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. കുളമ്പുരോഗത്തിന്റെ പേരിൽ കന്നുകാലികളുടെ ഇറക്കുമതി നിരോധിച്ചതുമൂലമുണ്ടായ ദുരിതപൂർണ്ണമായ അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടില്ല. ഐ.എ. വൈ. പദ്ധതിപ്രകാരം ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചിരിക്കുന്ന ഇരുപത്തിയാറായിരം ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന

കാര്യത്തിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നിലപാട് ഖേദകരമാണ്.

ശ്രീ. റോഷി അഗസ്റ്റിന്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനത്തിന് സർക്കാർ എടുത്തിട്ടുള്ള നയസമീപനങ്ങൾ സ്വാഗതാർഹമാണ്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികളെക്കുറിച്ച് പ്രതിപക്ഷം നടത്തുന്ന വിമർശനങ്ങൾ നിർഭാഗ്യകരമാണ്. ക്യാൻസർരോഗികളോടും വൃക്കരോഗികളോടുമുള്ള സർക്കാരിന്റെ നീതിപൂർവ്വമായ സമീപനത്തെ പ്രതിപക്ഷം തിരിച്ചറിയണം. കാരുണ്യ ബെനവലന്റ് പദ്ധതിയിലൂടെ ഇരുന്നൂറ്റിയമ്പത് കോടി രൂപയിലധികം ധനസഹായം നൽകാൻ കഴിഞ്ഞത് പ്രശംസാർഹമാണ്. പുതുതായി മെഡിക്കൽ കോളേജുകള്, താലൂക്കുകൾ എന്നിവ ആരംഭിച്ചതുവഴി സർക്കാർ പ്രഖ്യാപനങ്ങൾ ഓരോന്നോരോന്നായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യം പ്രതിപക്ഷം തിരിച്ചറിയണം. കേരളത്തിലെ മലയോര മേഖലകളുടെ സംരക്ഷണത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിലെ അപാകതകൾ പരിഹരിക്കണം. മാധവ്ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിനെ അനുകൂലിക്കുന്ന പ്രതിപക്ഷത്തിന്റെ നിലപാട് ഇ.എഫ്.എല്.ആക്ട് മുഖേന ബുദ്ധിമുട്ടനുഭവിക്കുന്ന മലയോരമേഖലയിലെ

കർഷകരുടെ പ്രശ്നങ്ങൾ കണക്കിലെടുത്ത് പുന:പരിശോധിക്കണം. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് നടക്കുന്ന സമരങ്ങളെ ചെറുതായി കാണരുത്. മലയോര മേഖലയിലെ ജനജീവിതത്തിന് ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിലുള്ള പരിസ്ഥിതി സംരക്ഷണം ആശാസ്യമല്ല. ജനതാല്പര്യം മുൻനിർത്തിമാത്രം വിദഗ്ധ സമിതി നൽകിയിട്ടുള്ള നിർദ്ദേശങ്ങളിൽ തീരുമാനമെടുക്കാൻ സർക്കാർ തയ്യാറാകണം. ഈ വിഷയത്തിൽ ആരോപണ-പ്രത്യാരോപണങ്ങൾ ഉണ്ടാകുന്നത് അഭികാമ്യമല്ല. മലയോര കർഷകരുടെ വികാരത്തോടൊപ്പം നിൽക്കാൻ സഭ ഒന്നടങ്കം തയ്യാറാകണം.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറെക്കൊണ്ട് പ്രതിപക്ഷ സമരത്തെ വിമർശിക്കാനാണ് സർക്കാർ നയപ്രഖ്യാപന പ്രസംഗം ഉപയോഗിച്ചത്. ഈ സർക്കാർ നിഷ്ക്രിയത്വത്തിന്റെ സർക്കാരായി മാറിയിരിക്കുന്നു. വിപണിയിൽ ശക്തമായി ഇടപെടുന്ന സംവിധാനം ഇല്ലാതായിരിക്കുന്നു. വിലക്കയറ്റത്തെ പിടിച്ചുനിർത്താനുള്ള ഫലപ്രദമായ ഒരു ഇടപെടലും നടത്തുന്നില്ല. വരാൻപോകുന്ന ലോക് സഭ ഇലക്ഷൻ മുന്നിൽക്കണ്ടുകൊണ്ടാണ് 6 മാസത്തേക്ക് ആധാർ നിർബന്ധമാക്കരുതെന്ന നിർദ്ദേശം വച്ചിട്ടുള്ളത്. സംസ്ഥാനത്തെ ക്രമസമാധാനരംഗമാകെ തകർന്നിരിക്കുകയാണ്. തട്ടിപ്പുകേസ്സിലെ പ്രതികൾക്ക്

വി.ഐ.പി. പരിഗണന ലഭിക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കി. 2013 വർഷത്തിൽ ക്രിസ്തുമസിനും ഓണത്തിനും മുമ്പായി സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിഞ്ഞില്ല. കോൺട്രാക്ടർമാർക്ക് 1600 കോടി രൂപയുടെ കുടിശ്ശിക കൊടുക്കാനുണ്ട്. ധനകാര്യ മാനേജ്മെന്റ് പാടേ തകർന്നിരിക്കുന്നു. ബഡ്ജറ്റിൽ അനുവദിച്ച തുകപോലും പല വകുപ്പുകളും ചെലവാക്കുന്നില്ല. പുതിയ വൈദ്യുത പദ്ധതി ആവിഷ്ക്കരിക്കാൻ കഴിഞ്ഞില്ലെന്നുമാത്രമല്ല, സംസ്ഥാനത്ത് വീണ്ടും പവർകട്ടും ലോഡ്ഷെഡ്ഡിംഗും ഏർപ്പെടുത്തി. ആദിവാസി കുട്ടികൾ ഏറ്റവും കൂടുതൽ മരണപ്പെടാനിടയാക്കി. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതി നിർത്തിവച്ചെങ്കിലും പകരം പുതിയ പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. വികസന കാര്യങ്ങളിൽ രാഷ്ട്രീയം കലർത്തുന്ന നിലപാടാണ് സ്വീകരിച്ചുപോരുന്നത്. കർഷക ആത്മഹത്യ വീണ്ടും തിരിച്ചുവരാനിടയാക്കി. ജനങ്ങളെ മറന്നുകൊണ്ടുള്ള ഭരണമാണ് സംസ്ഥാനത്ത് നടത്തുന്നത്.

<u>ശ്രീ. വി.എസ്. സുനിൽ കുമാര്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റംമൂലം ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ ശ്രമിക്കുന്നില്ല. അധികാരവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻവേണ്ടി മാത്രമാണ് സർക്കാർ പ്രവർത്തിക്കുന്നത്. അധികാര രാഷ്ട്രീയത്തിൽ കടിച്ചുതൂങ്ങുന്ന നയമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. കോൺഗ്രസ്സിന്റെ സംഘടനാ

രാഷ്ട്രീയംപോലെ കേരളത്തിലെ ഭരണസംവിധാനമാകെ തകർന്ന അവസ്ഥയിലാണ്. കോൺഗ്രസ്സിന്റെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാഴ്ചകളാണ് സമീപകാല തെരഞ്ഞെടുപ്പുകളിലെ ഫലങ്ങൾ വ്യക്തമാക്കുന്നത്. ആസന്നമായിരിക്കുന്ന ലോക് സഭാ തെരഞ്ഞെടുപ്പോടുകൂടി ഇന്ത്യയിൽ ഇടതുപക്ഷ പാർട്ടികളുടെ നേതൃത്വത്തിലുള്ള മൂന്നാം മുന്നണിക്ക് പ്രാരംഭം കുറിക്കുകയും കോൺഗ്രസ്സ് അപ്രസക്തമാകുകയും ചെയ്യും.

<u>ശ്രീ. കെ. മുരളീധരൻ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കോൺഗ്രസ്സ് നേതൃത്വം നൽകിയതോ പിന്തുണച്ചതോ ആയ ഗവൺമെന്റുകൾ മാത്രമാണ് ഇന്ത്യാ രാജ്യത്ത് ഭരണം നടത്തിയിട്ടുള്ളത്. ഇടതുപക്ഷ പാർട്ടികളുടെ അന്ധമായ കോൺഗ്രസ്സ് വിരോധം അവസാനിപ്പിക്കണം. ഡൽഹിയിൽ ആം ആദ്മി പാർട്ടി ഭരിക്കുന്നതും കോൺഗ്രസ്സിന്റെ പിന്തുണയോടെയാണെന്ന വസ്തുത വിസ്മരിക്കരുത്. ആസന്നമായ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് നേതൃത്വം നൽകുന്ന യു.പി.എ. സർക്കാർ വീണ്ടും അധികാരത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല. അണികളുടെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കേണ്ട ഗതികേടിലാണ് എൽ.ഡി.എഫ്. നേതൃത്വം ഇന്ന് നിലനിൽക്കുന്നത്. ദീർഘവീക്ഷണമില്ലായ്മയും ജനങ്ങളുടെ എതിർപ്പും മൂലമാണ് ഇടതുപക്ഷം നടത്തിയ സമരപരമ്പരകൾ നിരന്തരമായി പരാജയപ്പെട്ടത്. യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ജനാധിപത്യ രീതിയിലുള്ള

സമരമുറകൾ സ്വീകരിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ഇൻഡ്യാ രാജ്യത്ത് കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ജനാധിപത്യ-മതേതര സർക്കാരുണ്ടാക്കാൻ ഇടതുപക്ഷ കക്ഷികളുടെ സഹകരണം ആവശ്യമാണ്. ഈ സർക്കാർ അഞ്ചുവർഷത്തെ ഭരണം പൂർത്തിയാക്കി വീണ്ടും അധികാരത്തിൽ വരുമെന്ന കാര്യത്തിൽ സംശയമില്ല.

പ്രതിപക്ഷ നേതാവ് (ശ്രീ വി.എസ്. അച്ചുതാനന്ദന്): നന്ദിപ്രമേയത്തെ എതിർക്കുന്നു. കേരളത്തിലെ ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക ജീവിതത്തെ മെച്ചപ്പെടുത്തുന്നതിന് സഹായകമായ ഒരു പദ്ധതിയുമില്ലാത്ത പൊള്ളയായ ഒരു നയപ്രഖ്യാപനമാണിത്. ജനോപകാരപ്രദമായ സമരങ്ങളേയും പ്രതിഷേധങ്ങളേയും മുഖവിലയ്ക്കെടുക്കാതെ ജനാധിപത്യ സമരങ്ങളെ വിമർശിക്കാനാണ് നയപ്രഖ്യാപന പ്രസംഗത്തിലൂടെ ശ്രമിച്ചത്. നയപ്രഖ്യാപന പ്രസംഗത്തിൽ റേഷൻ സാധാനങ്ങൾക്കും ആധാർ കാർഡ് ഏർപ്പെടുത്തുമെന്ന് പറഞ്ഞത് ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നതിനാണ്. ഗ്യാസ് സബ്സിഡിക്ക് ആധാർകാർഡ് നിർബന്ധമാക്കുന്ന കാര്യത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഒത്തുകളി നടത്തുകയാണ്. സോളാർ അഴിമതിക്കേസിൽ മന്ത്രിമാരും ഉന്നതസ്ഥാനീയരും ഉൾപ്പെട്ടതു സംബന്ധിച്ച് യാതൊരന്വേഷണവും നടന്നിട്ടില്ല. മുഖ്യമന്ത്രിയുടെ മുൻഗൺമാന്റെ ഭൂമി തട്ടിപ്പുകേസ്സിലും സോളാർ കേസ്സിലും ഹൈക്കോടതി സർക്കാരിനെ രൂക്ഷമായി

വിമർശിക്കുകയാണ് ചെയ്യുന്നത്. സോളാർ തട്ടിപ്പ് കേസ്സിൽ നിന്നും ഉന്നതർക്ക് തടിയൂരാൻ പോലീസ് സേനയേയും ഭരണസംവിധാനത്തേയും ദുരുപയോഗം ചെയ്തു. വിലക്കയറ്റം തടയുമെന്നും പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുമെന്നും സർക്കാർ പ്രഖ്യാപനം നടത്തിയെങ്കിലും അരി, പച്ചക്കറി, നിത്യോപയോഗസാധനങ്ങള്, പെട്രോള്, ഡീസൽ എന്നിവയുടെ വില കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. ആറന്മുള വിമാനത്താവളവുമായി ബന്ധപ്പെട്ട് എല്.ഡി.എഫ് സർക്കാർ നിയമവിരുദ്ധമായി യാതൊന്നും ചെയ്തിട്ടില്ല. മലയോര മേഖലയിലെ ജനങ്ങളെ ആശങ്കയിലാഴ്ത്തുന്നതരത്തിലുള്ള കസ്തൂരിരംഗൻ റിപ്പോർട്ടിലും സർക്കാർ കള്ളക്കളി നടത്തുന്നു. വിഴിഞ്ഞം പദ്ധതിയെ സംബന്ധിച്ച് വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയും പദ്ധതി അട്ടിമറിക്കാനുമാണ് ശ്രമിക്കുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിൽ മുൻകാലങ്ങളിലെ വിജയം കോൺഗ്രസിന് ഇപ്പോൾ ലഭിക്കുന്നില്ല. കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനങ്ങളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): കേന്ദ്രഗവൺമെന്റിൽനിന്നും ലഭിക്കുന്ന ഭക്ഷ്യസാധനങ്ങൾക്ക് സീലിംഗ് കൊണ്ടുവന്ന സാഹചര്യത്തിൽ എ.പി.എല്. വിഭാഗത്തിന് കൊടുക്കുന്ന അരിയുടെ വിഹിതം കുറയാതിരിക്കുന്നതിനു വേണ്ടിയാണ് ഗോതമ്പ് വിതരണം നിർത്തലാക്കുകയും പകരം ആട്ട വിതരണം ചെയ്യാൻ

തീരുമാനിക്കുകയും ചെയ്തത്. കേന്ദ്രത്തിൽനിന്നും അനുവദിച്ച അരിക്ക് കൂടിയ നിരക്ക് ചുമത്തിയതുകൊണ്ടാണ് സംസ്ഥാന ഗവൺമെന്റ് ഏറ്റെടുക്കാതിരുന്നത്. ഒരു സാമ്പത്തിക വർഷത്തിൽ ഒരിക്കൽ മാത്രം നൽകുന്ന സ്പെഷ്യൽ പഞ്ചസാര ഓണക്കാലത്ത് വിതരണം ചെയ്തിട്ടുണ്ട്. റേഷൻകടകളിലൂടേയും മാവേലിസ്റ്റോറുകളിലൂടേയും ആട്ടമാവ് വിതരണം ചെയ്യുന്നതിനുവേണ്ടി സപ്ലൈകോയ്ക്ക് ഗോതമ്പ് നൽകുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊടുത്തിരുന്ന അളവിൽ തന്നെയാണ്. അർഹരായവർക്ക് മാത്രമാണ് ബി.പി.എല്. കാർഡ് ലഭ്യമാക്കിയിരിക്കുന്നത്. പുതുതായി മാവേലി സ്റ്റോറുകള്, സൂപ്പർമാർക്കറ്റുകള്, മാവേലി മെഡിക്കൽ സ്റ്റോറുകള്, പെട്രോൾ ബങ്ക് തുടങ്ങിയവ ആരംഭിച്ചിട്ടുണ്ട്. 10 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനന്): എന്.റ്റി.ഡി.ബി.-യുടെ സഹസ്ഥാപനമായ ഐ.എ.എല്. നിർമ്മിക്കുന്ന വാക്സിനാണ് കുളമ്പ് രോഗ നിവാരണത്തിനായി 2010 മുതൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് സൗജന്യമായി നൽകുന്നത്. മൃഗസംരക്ഷണവകുപ്പിന്റെ കീഴിലുള്ള കന്നുകാലി ഫാമിലെ മൃഗങ്ങൾക്ക് കുത്തിവച്ച് പ്രതിരോധശേഷി പരിശോധിച്ച് ഉറപ്പാക്കിയതിനുശേഷമാണ് പ്രസ്തുത വാക്സിൻ ഉപയോഗിക്കുന്നത്. ഈ വാക്സിൻ മൃഗങ്ങളിൽ കുത്തിവയ്ക്കാതെ

പ്രതിരോധശേഷി തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ നിലവിലില്ല. പ്രസ്തുത വാക്സിന്റെ ഗുണനിലവാരത്തെക്കുറിച്ച് അന്വേഷണം നടത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി 2007-ൽ ഒറീസ്സയിലെ വൈതരണിയിൽനിന്നും 5 വർഷം കൊണ്ട് കമ്മീഷൻ ചെയ്യണമെന്ന വ്യവസ്ഥയിൽ സംസ്ഥാനത്തിന് കോൾ അനുവദിച്ചെങ്കിലും ഒറീസ്സ ഗവൺമെന്റ് 'ഫോർ വൺ നോട്ടിഫിക്കേഷന്' ഇറക്കാത്തതുകൊണ്ട് പരിസ്ഥിതി ക്ലിയറൻസ് ലഭിച്ചില്ല. ചീമേനിയിൽ കോൾ ബേസ്ഡ് ഫാക്ടറി കൊണ്ടുവരാൻ വീണ്ടും ശ്രമിക്കുന്നതാണ്. ഇടമണ്-കൊച്ചി ലൈൻ യാഥാർത്ഥ്യമാക്കാൻ നഷ്ടപരിഹാരം കൊടുത്ത് സ്ഥലമേറ്റെടുക്കുകയും പ്രസ്തുത ലൈൻ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സോളാർ കേസിലെ പ്രതിയായ സരിത എസ്. നായർ 3-1-2014-ൽ തന്റെ പേരിലുള്ള കേസിന്റെ കാര്യത്തിനുവേണ്ടിയാണ് എറണാകുളത്ത് പോയത്. എന്നാൽ അഡ്വക്കേറ്റ് ഹാജരാകാത്തതിനാൽ കേസ് മാറ്റി വച്ചു. മറ്റ് റൂട്ടിലുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ വേണ്ടി എറണാകുളത്തുനിന്ന് പുതുപ്പള്ളി വഴി തിരുവനന്തപുരത്തേയ്ക്ക് വരികയും പ്രസ്തുത ദിവസം ഹോട്ടൽ ബന്ദ് നടന്നതിനാൽ പുതുപ്പള്ളിക്കടുത്തുള്ള ഒരു വഴിയോര റസ്റ്റോറന്റിൽ കയറുകയും

ചെയ്യതല്ലാതെ വേറെയാരെയും കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. ഇതുസംബന്ധിച്ച് വന്ന വാർത്തകളൊക്കെ വാസ്തവവിരുദ്ധമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗവും നടപ്പിലാക്കി. ആസ്തി വികസന ഫണ്ട് അനുവദിക്കുന്നതിൽ പ്രതിപക്ഷ അംഗങ്ങളോട് വിവേചനം കാണിച്ചിട്ടില്ല. സത്യസന്ധവും നിഷ്പക്ഷവുമായാണ് ഗവൺമെന്റ് കാര്യങ്ങൾ ചെയ്യുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇവിടെ നടന്ന നന്ദിപ്രമേയ ചർച്ചയിൽ സംസ്ഥാനത്തെയും ജനങ്ങളേയും ബാധിക്കുന്ന പല പ്രശ്നങ്ങളും കടന്നുവന്നില്ല. കഴിഞ്ഞ മുപ്പത് മാസ കാലയളവിനുള്ളിൽ വികസനവും കരുതലും എന്ന ആശയം നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് വിജയിച്ചു. കൊച്ചി മെട്രോ, വിഴിഞ്ഞം തുറമുഖം, സ്മാർട്ട് സിറ്റി, കണ്ണൂർ എയർപോർട്ട്, മോണോറെയില്, കേന്ദ്ര ഗവൺമെൻ് പ്രോജക്ടായ ബി.പി.സി.എല്. എക്സ്പാൻഷന്, നോളജ് സിറ്റി എന്നീ പദ്ധതികൾ പുരോഗതിയിലാണ്. എല്.എന്.ജി. ടെർമിനൽ കമ്മീഷൻ ചെയ്തു. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാതയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. സാം പിട്രോഡ മുന്നോട്ടുവച്ച വികസന

നിർദ്ദേശങ്ങളിലൊന്നായ കോസ്റ്റൽ വാട്ടർവേയ്സിന്റെ ഔപചാരിക ഉദ്ഘാടനം കഴിഞ്ഞു. ഇൻലാന്റ് വാട്ടർ വേയ്സിലൂടെ ചരക്ക് നീക്കത്തിന് സബ്സിഡി അനുവദിച്ച ഇൻഡ്യയിലെ ആദ്യത്തെ സ്റ്റേറ്റ് കേരളമാണ്. ഇ-ഗവേണൻസിന്റെ കാര്യത്തിലും കേരളം വളരെ മുന്നിലാണ്. ഇ-ഡിസ്ട്രിക്ട് ആക്കാൻ വേണ്ടി തെരഞ്ഞെടുത്ത അമ്പത് ഡിസ്ട്രിക്ടുകളിൽ പതിനാലും കേരളത്തിലേതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നൂറ് ദിവസങ്ങൾക്കുള്ളിൽ 'ഒരു രൂപയ്ക്ക് അരി' എന്ന പദ്ധതി നടപ്പിലാക്കി. ആരോഗ്യ രംഗത്ത് പരമാവധി ശ്രദ്ധ കേന്ദ്രീകരിക്കുകയും സാമൂഹ്യക്ഷേമ വകുപ്പുവഴി ബധിരരായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ സർജറി നടത്തുന്നതിനുള്ള സൗകര്യമൊരുക്കുകയും ചെയ്തു. പി.എച്ച്. സെൻറർ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള സ്ഥാപനങ്ങളിൽ ജനറിക് മെഡിസിൻ സൗജന്യമായി വിതരണം ചെയ്യുന്നതിന് സൗകര്യമൊരുക്കി. താലോലം, ആരോഗ്യ കിരണം പോലെയുള്ള പദ്ധതികൾ വലിയ ആശ്വാസകരമായി തീർന്നിട്ടുണ്ട്. ഗവൺമെന്റ് മെഡിക്കൽ കോളേജുകളുടെ എണ്ണം എട്ടായി ഉയർത്തുന്നതിനും കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചു. സീറോ ലാന്റ്ലെസ്സ് പദ്ധതി നടപ്പിലാക്കി.

ഭൂരഹിതരായ എല്ലാവർക്കും വേണ്ടി ആവശ്യമായ സ്ഥലം ഈ ഗവണ്മെന്റ് കണ്ടെത്തും. കാരുണ്യ ബെനവലന്റ് പദ്ധതി വഴി ആയിരക്കണക്കിന് ആളുകൾക്ക് സഹായമെത്തിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച മംഗല്യനിധിക്ക് വേണ്ടി പുതിയ ലോട്ടറി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. സാമൂഹ്യനീതി വകുപ്പ് അച്ഛനമമ്മയും ഇല്ലാത്ത കുട്ടികൾക്കായി 'സ്നേഹപൂർവ്വം' പദ്ധതി വിഭാവന ചെയ്തിരിക്കുകയാണ്. സഹകരണ വകുപ്പിന്റെ 'ആശ്വാസ' പദ്ധതിയിലൂടെ 56 കോടി രൂപ സഹായമായി നൽകി. കസ്തൂരി രംഗൻ റിപ്പോർട്ട് സംസ്ഥാനത്തിന്റെ അഭിപ്രായങ്ങൾ കൂടി കണക്കിലെടുത്ത് പുതിയ ഓഫീസ് മെമ്മോറാണ്ഡം പുറപ്പെടുവിച്ചിരിക്കുകയാണ്. സബ്സിഡൈസ്ഡ് ഗ്യാസ് സിലിണ്ടറിന് വില വർദ്ധിപ്പിച്ചിട്ടില്ല. ഗ്യാസ് കണക്ഷനുമായി ബന്ധപ്പെട്ട ആധാർ ലിങ്കേജിന് കൂടുതൽ സമയം അനുവദിക്കണമെന്ന ആവശ്യം അംഗീകരിച്ച് രണ്ടുമാസത്തെ സമയം കൂടി അനുവദിച്ചിട്ടുണ്ട്. നൂറുശതമാനം ആധാർ ലിങ്കേജ് സാധ്യമാക്കുന്നതിന് സമയം അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്. മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സർക്കാർ ആത്മാർത്ഥമായ ഇടപെടൽ നടത്തുന്നുണ്ട്. സൗദി അറേബ്യയിൽ നിതാഖത് നിയമം വന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി.

രൂക്ഷമായ വരൾച്ചാ സമയത്ത് 14 ജില്ലകളിലും മുഴുവൻ എം.എൽ.എ. മാരെയും ഉൾപ്പെടുത്തി മീറ്റിംഗുകൾ വിളിക്കുകയും വരൾച്ച നേരിടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. പ്രധാനപ്പെട്ട പല ജലവിതരണ പദ്ധതികളും ഉടൻ കമ്മീഷൻ ചെയ്യും. ജനസമ്പർക്ക പരിപാടിയുടെ പ്രയോജനം എല്ലാവർക്കും ലഭ്യമാക്കുന്നതിനായി നിരവധി ഉത്തരവുകൾ സർക്കാർ ഇറക്കിയിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴിയും മറ്റും 13900 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. അത്യാവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതാണ്. പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. പൊതുമാർക്കറ്റിൽ ഹോർട്ടികോർപ്പിന്റെ ഇടപെടൽ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ബെന്നി ബെഹനാൻ അവതരിപ്പിച്ച നന്ദി പ്രമേയം 62-നെതിരെ 72 വോട്ടുകളോടെ സഭ അംഗീകരിച്ചു.

## റൂളിംഗ്

### സഭാപരിസരത്ത് ഷാമിയാനകെട്ടി സമരം

മി. സ്പീക്കർ: ഇന്നലെ അടിയന്തരപ്രമേയാവതരണത്തിന് അനുമതി

നിഷേധിച്ചശേഷം നിയമസഭയുടെ പ്രധാന കവാടത്തിനു മുന്നിൽ ഏതാനും സാമാജികർ സഭ പിരിയുന്നതുവരെ ഷാമിയാന കെട്ടി സത്യാഗ്രഹം അനുഷ്ഠിച്ചതായി റിപ്പോർട്ട് ലഭിച്ചു. നിയമസഭാ ചട്ടം നടപടി രണ്ട് പ്രകാരം നിയമസഭയുടെ സെറിമോണിയൽ ഗേറ്റിൽനിന്നും പതിനെട്ട് മീറ്റർ മുന്നിലുള്ള ഭാഗവും ക്ഷേത്രത്തിനു സമീപമുള്ള ഗേറ്റിൽനിന്ന് ആറ് മീറ്റർ മുന്നിലുള്ള ഭാഗവും കൂടി ഉൾക്കൊള്ളുന്നതാണ് അസംബ്ലി പരിസരം. ഈ ഭാഗം ചെയറിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ളതാണ്. ഇവിടെ ഏതെങ്കിലും പരിപാടികൾ നടത്തുന്നത് അനുവദനീയമല്ല. ഇത് നമ്മുടെ സഭാ ചരിത്രത്തിലെ ആദ്യത്തെ സംഭവമാണ്. ഇത് ആശാസ്യമായ നടപടിയല്ല. ബഹുമാനപ്പെട്ട അംഗങ്ങൾ ഇത്തരത്തിലുള്ള സമരപരിപാടികൾ ഭാവിയിൽ നടത്തരുതെന്ന് ചെയർ നിർദ്ദേശിക്കുന്നു.

സഭ വൈകുന്നേരം 4.38-ന് പിരിഞ്ഞു.

******************************